# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2785** **12-03-2018 ൽ മറുപടിക്ക്**

## സർക്കാർ ഭൂമിയ്ക്കുപകരം സ്വകാര്യ ഭൂമി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. അടൂർ പ്രകാശ് | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ കാലയളവിൽ സർക്കാർ ഭൂമി സ്വകാര്യ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ കൈമാറി പകരം സ്വകാര്യ ഭൂമി തിരികെ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് വെളിപ്പെടുത്തുമോ; | (എ) | ഈ സർക്കാർ കാലയളവിൽ കോഴിക്കോട് ജില്ലയിൽ വളയനാട് വില്ലേജിൽ കോഴിക്കോട് കോർപ്പറേഷന്റെ അധീനതയിലുള്ള 19 സെന്റ് പുറമ്പോക്ക് സ്ഥലം, നെല്ലിക്കോട് വില്ലേജിൽ ലുലു കൺവെൻഷൻ സെന്ററിന്റെ കൈവശത്തിലുള്ള 26.19 സെന്റ് സ്ഥലവുമായി കൈമാറ്റം ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് 17.10.2017-ലെ സ.ഉ (കൈ) നം. 113/17/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br>എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ താലൂക്കിൽ മാറാടി വില്ലേജിൽ ഈസ്റ്റ് മാറാടി കായനാട് - ഊരുമന റോഡ് വികസനത്തിനായി ശ്രീ. അവിരമേപ്പിള്ളിൽ എന്നയാളുടെ മാറാടി വില്ലേജ് സർവ്വെ നം. 285/10 ൽപ്പെട്ട 4.45 ആർ.ഭൂമി ഏറ്റെടുത്തിട്ടുള്ളതും പകരമായി മാറാടി വില്ലേജ് സർവ്വെ നം. 285/5-ൽപ്പെട്ട 2.66 ആർ.പി ഡബ്ല്യൂ.ഡി റോഡ് പുറമ്പോക്ക് ഭൂമി നൽകിയിട്ടുള്ളതുമാണ്. മറ്റ് ജില്ലകളിൽ ഇത്തരം കേസുകൾ റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതാണ്. |
| (ബി) | ഇത്തരം കേസ്സുകളിൽ സർക്കാർ ഭൂമിയുടെ നിശ്ചയിച്ച കമ്പോള വില ഓരോ സ്ഥലത്തും എത്രയായിരുന്നു വെന്നറിയിക്കാമോ; | (ബി) & (സി) | കോഴിക്കോട് ജില്ലയിൽ പ്രസ്തുത സർക്കാർ ഭൂമിയുടെ കമ്പോളവില നിശ്ചയിക്കുന്നതിന് തഹസിൽദാർക്ക് ജില്ലാ കളക്ടർ നിർദ്ദേശം നല്കിയിട്ടുണ്ട്. എറണാകുളം ജില്ലയിൽ വിട്ടു കൊടുത്ത 285/5 ൽപ്പെട്ട ഭൂമിയ്ക്ക് ആർ ഒന്നിന് 2,47,000/- രൂപ കമ്പോള വില നിശ്ചയിച്ചിട്ടുള്ളതാണ്. |
| (സി) | പകരം സ്വീകരിച്ച സ്വകാര്യ ഭൂമിയുടെ കമ്പോള വില നിശ്ചയിച്ചത് എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ; | | |

| | | | |
|---|---|---|---|
| (ഡി) | ഏതു നിയമപ്രകാരമാണ് ഇത്തരത്തിൽ ഭൂമി കൈമാറ്റം നടത്തിയതെന്ന് വെളിപ്പെടുത്തുമോ; | (ഡി) | കോഴിക്കോട് ജില്ലയിലുള്ള ഭൂമി കൈമാറ്റം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുമാണ് ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. എറണാകുളം ജില്ലയിൽ റവന്യു (എ) വകുപ്പിലെ 05.01.2016-ലെ സ.ഉ (കൈ)നം.11/2016/റവ നമ്പർ ഉത്തരവ് പ്രകാരം ടി കൈമാറ്റത്തിനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. |
| (ഇ) | എറണാകുളം ജില്ലയിൽ സർക്കാർ ഭൂമി സ്വകാര്യ വ്യക്തിക്ക് കൈമാറ്റം ചെയ്തതായി വന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) | ബാധകമല്ല. |
| (എഫ്) | ഇത്തരത്തിൽ കൈമാറ്റം നടത്തിയ ഭൂമിയെ സംബന്ധിച്ച ഫയലുകളുടെ പകർപ്പ് മേശപ്പുറത്തു വെക്കുമോ? | (എഫ്) | കോഴിക്കോട് ജില്ലയിലെ ഭൂമി കൈമാറ്റം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും അറിയാവുന്നതാണ്. എറണാകുളം ജില്ലയിലെ പ്രസ്തുത വിഷയം സംബന്ധിച്ച് ലാന്റ് റവന്യു കമ്മീഷണറുടെ കാര്യാലയത്തിലെ ബന്ധപ്പെട്ട എൽ.ആർ.ജെ7-23376/15/കെ.ഡിസ്. നം ഫയലിന്റെ (4+24 പേജുകളുടെ) പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**

PCC No: 66/2015 RR

ON

നം: റവ: ജെ7|23376|2015

71/
8/3/18

LR-J7-23376/15/Rev.
Dated-13-11-15
Pages-4+24=28

വിഷയം:- റവന്യൂവകുപ്പ് - എറണാകുളം ജില്ല, ഈസ്റ്റ് മാറാടി - കയനാട് - ഉരമന റോഡ് വികസനം - ഭൂമി നൽകുന്നത് - 09.06.2015 ലെ യോഗ തീരുമാനം സംബന്ധിച്ച്:-

സൂചന: (1) സർക്കാരിന്റെ 05.06.2015 ലെ 19912/A3/2015/RD നമ്പർ കത്ത്

(2) എറണാകുളം ജില്ലാകളക്ടറുടെ 08.06.2015 ലെ എൽ2/38642/2015 MO. ഫാക്സ് സന്ദേശം

09.06.2015 ന് 12.00 മണിയ്ക്ക് ചേരുവാൻ നിശ്ചയിച്ചിട്ടുള്ള യോഗത്തിലേയ്ക്കായി ഉയർന്ന സാധ്യതയുള്ള ഇതുവരെ വേണ്ടതിന് സൂചന(2) പ്രകാരം ജില്ലാകളക്ടറിൽ നിന്നും ലഭിച്ചിട്ടുള്ള റിപ്പോർട്ടിന്റെ പകർപ്പ് ഇതോടൊപ്പം ചേർക്കുന്നു.

09.06.15

Today I have attended the meeting convened by the Hon Minister for Revenue. The Principal Secretary (Revenue), Dy Collector (LR), Ekm, [illegible] Tahsildar Muvattupuzha, PWD officials and MLA were present. It is decided in the meeting to approve the land transfer. Put up draft letter accordingly.

സമർപ്പണം

മേൽ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും, ജില്ലാകളക്ടറു-ടെ റിപ്പോർട്ട് അടിസ്ഥാനമാക്കിയും ...

...ത്ത് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

09.06.15

9/6/15 | LRC 9.6.15

സൂചന : 19912/ക3/2015/റവ ; 2/7/15

മേൽ സൂചന കത്തും സർക്കാർ സൂചന പ്രകാരം ആവശ്യപ്പെട്ട രേഖകളും കമ്പോളവിലയും അറിയിക്കുവാൻ ജി.കയോട് ആവശ്യപ്പെടാവുന്നതാണ്. അംഗീകാരമെങ്കിൽ കത്തെഴുത്ത് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

6/7/15

6/7/15

സൂചന :- LT-50225/15 20/7/15
DC EKm

മേൽ സൂചന കത്തും. സർക്കാർ ആവശ്യപ്പെട്ട പ്രകാരം ജി.ക. സമർപ്പിച്ച റിപ്പോർട്ടാണ് സൂചന പ്രകാരമുള്ളത്. ആയത് സർക്കാരിലേക്ക് അയച്ചു കൊടുക്കാവുന്നതാണ്. ഉത്തരവിനായി

[illegible]

27/7/15

27/7/15 / [illegible]

ഈ വിഷയം സംബന്ധിച്ച് ബഹു: റവന്യൂ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 9/6/15 ന് ഒരു യോഗം ചേർന്ന തത്വത്തിൽ അംഗീകാരം നൽകിയ ~~[illegible]~~ ആണ്. സർക്കാർ ഉത്തരവുകൾക്കായി എറണാകുളം ജില്ലാകളക്ടറുടെ

[illegible]

SJ - 23376/15

28/7
1262

റിപ്പോർട്ടിനെ ആധാരമാക്കി സർക്കാരിലേക്ക
കത്തെഴുതാം.

27/7/15

**MADHU GANGADHAR**
**Asst. Commissioner (LA) &**
**Special Officer Land Bank**

Joint Commr

31/7/15

E. DEVADASAN. IAS
Joint Commissioner
Land Revenue Commissionerate

ഉത്തരവിൻ പ്രകാരം സർക്കാരിലേക്കുള്ള
കത്തിന്റെ കരട് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

Aji
3/8/15

3/8/15 | എ.സി. (എൽ.എ)

3/8/15

സർക്കാരിലേക്ക് വിശദമായ റിപ്പോർട്ടും അനുബന്ധ
രേഖകളും സമർപ്പിച്ചിട്ടുള്ളതാണ്. സർക്കാരിൽ
നിന്നും ഉത്തരവുകൾ ഇനിയും തന്നെ ലഭ്യമാകാ
നുള്ളതാണ്. ഉത്തരവുകൾ ലഭ്യമാകുന്ന മുറയ്ക്ക്
തുടർ നടപടികൾ സ്വീകരിക്കാവുന്നതും ടി വിവരം
KDIS നെ അറിയിക്കാവുന്നതുമാണ്.
ഉത്തരവിനായി സമർപ്പിക്കുന്നു.

13/x/15

13/x

13/x/15

AC (LA)

ATTN: LR J7

ഫാക്സ് അടിയന്തരം

എൻ 2-38642/2015

കളക്ടറേറ്റ് എറണാകുളം
തീയതി: 08/6/2015

പ്രേഷകൻ

ജില്ലാ കളക്ടർ
എറണാകുളം

സ്വീകർത്താവ്

കമ്മീഷണർ
ലാന്റ് റവന്യൂ
തിരുവനന്തപുരം

സർ ,

വിഷയം:- മൂവാറ്റുപുഴ താലൂക്ക് ,മാറാടി വില്ലേജ്, സർവ്വെ 285/10-ൽപ്പെട്ട സ്ഥലം റോഡ് വികസനത്തിന് വിട്ടുനല്കുന്നത്- സംബന്ധിച്ച്

സൂചന:- അങ്ങയുടെ 08-06-2015-ലെ എൽആർ ജെ7-23376/15 നമ്പർ ഫാക്സ് സന്ദേശം

---------

സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിച്ചുകൊള്ളുന്നു. സൂചന പ്രകാരം ആവശ്യപ്പെട്ട റിപ്പോർട്ട് ചുവടെ ചേർത്തുകൊള്ളുന്നു.

കൊച്ചി-ധനുഷ്കോടി സ്റ്റേറ്റ് ഹൈവേയുടെ വികസനത്തിന്റെ ഭാഗമായി മൂവാറ്റുപുഴ താലൂക്ക്, മാറാടി വില്ലേജ്, സർവ്വെ നമ്പർ 285/5-ൽ ഉൾപ്പെട്ടുവരുന്ന റോഡിന്റെ ഭാഗത്തെ കൊടുംവളവ് നിവർത്തുന്നതിനായി ടി വില്ലേജ് സർവ്വെ 285/10-ൽപ്പെടുന്ന 11 സെന്റ് സ്ഥലം സ്ഥലമുടമയായ ടി വില്ലേജ് മേപ്പിള്ളിൽ വീട്ടിൽ ഇസഹാക്ക് മകൻ അവിര സൗജന്യമായി വിട്ടുനൽകാൻ തയ്യാറാണെന്നും അതിനുപകരമായി ടിയാന്റെ സ്ഥലത്തോട് ചേർന്നുള്ളതും റോഡ് വളവു നിവർത്തുമ്പോൾ PWD യ്ക്ക് ആവശ്യമില്ലാതെ വരുന്നതുമായ സ്ഥലത്തിൽപ്പെട്ട 6.573 സെന്റ് സ്ഥലം ടിയാന് പൂർണ്ണ ക്രയവിക്രയ സ്വാതന്ത്ര്യത്തോടെ നൽകണ മെന്നും കാണിച്ച് ടിയാൻ PWD ചീഫ് എൻജിനീയർ മുമ്പാകെ സമ്മത പത്രം നൽകിയിട്ടുള്ളതും ആയത് മൂവാറ്റുപുഴ റോഡു വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയർ ശുപാർശ ചെയ്തിട്ടുള്ളതായി അറിയുന്നതായും മൂവാറ്റുപുഴ തഹസിൽദാർ റിപ്പോർട്ടു ചെയ്തിട്ടുള്ളതാണ്. ടി വിഷയം സംബന്ധിച്ച് ബഹു. റവന്യൂ വകുപ്പ് മന്ത്രി 09-06-2015-ൽ ഒരു യോഗം വിളിച്ചുട്ടുള്ളതാണ്. എന്ന വിവരം റിപ്പോർട്ടുചെയ്തുകൊള്ളുന്നു.

വിശ്വസ്തതയോടെ

(ഒപ്പ്)

ജില്ലാകളക്ടർക്കുവേണ്ടി


-3-

ജില്ല: എറണാകുളം.
താലൂക്ക്: മൂവാറ്റുപുഴ.
വില്ലേജ്: മാറാടി.

സർവ്വേ നമ്പർ :- 285/5, 285/10.

(1) സർവ്വേ നമ്പർ 285/10 pt. 04.45 ആർ (11 സെന്റ്). പതിവ് വസ്തു.

(2) സർവ്വേ നമ്പർ 285/5 pt. 02.66 ആർ (6.573 സെന്റ്) റോഡ് പുറമ്പോക്ക്.




Countersigned

3/6/15
Additional Tahsildar

3.6.15
TALUK SURVEYOR

ഭരണഭാഷ-മാതൃഭാഷ

ർ സി7-7334/15

താലൂക്ക് ഓഫീസ്, മൂവാറ്റുപുഴ,
തീയതി : 05 06.2015

അഡീഷണൽ തഹസിൽദാർ,
മൂവാറ്റുപുഴ.

ജില്ലാ കളക്ടർ,
എറണാകുളം.

സർ,

വിഷയം:- മാറാടി വില്ലേജ് സർവ്വെ 285/10 - ൽപ്പെട്ട സ്ഥലം റോഡു വികസനത്തിനു വിട്ടുകിട്ടുന്നത് - സംബന്ധിച്ച്.

സൂചന:- മൂവാറ്റുപുഴ റോഡു വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 03.06.2015 - ലെ ഡി1 - 902/12 -ാം നമ്പർ കത്ത്.

കൊച്ചി - ധനുഷ്കോടി ദേശീയ ഹൈവേയുടെ വികസനത്തിന്റെ ഭാഗമായി മാറാടി വില്ലേജ് സർവ്വെ നമ്പർ 285/5 - ൽ ഉൾപ്പെട്ടുവരുന്ന റോഡിന്റെ ഭാഗത്തെ കൊടുംവളവു നിവർത്തുന്നതിനായി ടി വില്ലേജ് സർവ്വെ 285/10 - ൽപ്പെടുന്ന 11 സെന്റു സ്ഥലം സ്ഥലമുടമയായ ടി വില്ലേജ് മേപ്പിള്ളിൽ വീട്ടിൽ ഇസഹാക്ക് മകൻ അവിര സൗജന്യമായി വിട്ടുനൽകാൻ തയ്യാറാണെന്നും അതിനുപകരമായി ടിയാന്റെ സ്ഥലത്തോടു ചേർന്നുള്ളതും റോഡ് വളവു നിവർത്തുമ്പോൾ പി ഡബ്ല്യു ഡി യ്ക്ക് ആവശ്യമില്ലാതെ വരുന്നതുമായ സ്ഥലത്തിൽപ്പെട്ട 6.573 സെന്റ് സ്ഥലം ടിയാന് പൂർണ്ണ ക്രയ വിക്രയ സ്വാതന്ത്ര്യത്തോടെ നൽകണമെന്നും കാണിച്ച് ടിയാൻ പി ഡബ്ല്യു ഡി ചീഫ് എഞ്ചിനീയർ മുമ്പാകെ സമ്മതപത്രം നൽകിയിട്ടുള്ളതും ആയത് മൂവാറ്റുപുഴ റോഡുവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ ശുപാർശ ചെയ്തിട്ടുള്ളതുമാണെന്ന് അറിയുന്നു.

ഇതു സംബന്ധിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സൂചന പ്രകാരമുള്ള കത്തിന്റെ അടിസ്ഥാനത്തിൽ താലൂക്ക് സർവ്വെയറോടൊപ്പം സ്ഥലപരിശോധന നടത്തിയിട്ടുള്ളതും സ്കെച്ച് തയ്യാറാക്കിയിട്ടുള്ളതുമാണ്. അതനുസരിച്ച് വിട്ടുതരുന്ന ഭാഗത്തിന്റെ യഥാർത്ഥ വിസ്തീർണ്ണം 4.45 ആർ ( 11 സെന്റ്) ആണെന്നു കാണുന്നു. പ്രസ്തുത ഭാഗത്തെ റോഡിന്റെ കൊടുംവളവ് നിവർത്തുന്നതിന് ടി ശുപാർശ തികച്ചും ഉചിതമാണെന്നു കാണുന്നു. സ്ഥലമുടമയായ ശ്രീ. അവിര

ആർ സ്ഥലം വിട്ടുതരുമ്പോൾ 2.66 ആർ (6.573 സെന്റ്) സർക്കാർ ഭൂമി മാത്രമേ ടിയാന് വിട്ടു കൊടുക്കേണ്ടി വരുന്നുള്ളുയെന്നുള്ളതിനാൽ ഇക്കാര്യത്തിൽ സർക്കാരിന് പ്രത്യേകിച്ച് കഷ്ട നഷ്ടങ്ങളൊന്നും ഉണ്ടാകുന്നില്ലെന്ന് കാണുന്നു.

പ്രസ്തുത 4.45 ആർ സ്ഥലം മാറാടി വില്ലേജിൽ 2768-ാം നമ്പർ തണ്ടപ്പേരിൽ കൊണ്ട് കിടക്കുന്നതും ടി അവിര ടി തണ്ടപ്പേരിൽ പ്രസ്തുത സ്ഥലത്തിന് വകപ്പടി കരം അടച്ചുവരുന്നതുമാണ്.

പ്രത്യേക സാഹചര്യം കണക്കിലെടുത്ത് പി ഡബ്ല്യൂ ഡിയുടെ നിരാക്ഷേപ പത്രം ലഭിക്കുന്ന പക്ഷം ഈ ശുപാർശ പരിഗണിക്കാവുന്നതാണ്. സർക്കാർ നയപരമായി തീരുമാനിക്കേണ്ട കാര്യമായതിനാൽ ഇതു സംബന്ധിച്ച് ശുപാർശ നൽകുന്നതിലേയ്ക്കായി റിപ്പോർട്ട് സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)

അഡീഷണൽ തഹസിൽദാർ.

-9-

23376

GOVERNMENT OF KERALA

19912/A3/2015/RD.

Revenue (A) Department
Thiruvananthapuram
Dated 05.06.2015

OFFICE OF THE COMMISSIONER OF LAND ... RECEIVED 06 JUN 2015 THIRUVANANTHAPURAM

From

The Principal Secretary to Government

To

The Commissioner, Land Revenue, Thiruvananthapuram

The District Collector, Ernakulam

The Chief Engineer, PWD, Roads & Bridges, Thiruvananthapuram

The Executive Engineer (Roads), Muvattupuzha, Ernakulam

Sir,

Sub:- Revenue Department- Improvements to East Marady – Kayanadu - Ooramana Road - free surrender of land -meeting on 09.06.2015- Regarding

..........

I am to inform you that the Hon'ble Minister (Revenue) desires to convene a meeting at 12.00 noon on 09.06.2015 in his Chamber in the Assembly Complex regarding the issue of a free surrender of land in the East Marady-Kayanadu-Orramana Road. You are requested to make it convenient to attend the meeting with all the relevant records.

Yours faithfully
Usha T Nair
Under Secretary
for Principal Secretary to Govt.

Approved for issue

E.L.V. Kunhi [signature]
Section Officer

ഉത്തരവ് // അടിയന്തിരം

എൽ: ആർ: ജെ7 | 23376 | 2015

ലാന്റ് റവന്യൂ കമ്മീഷണറേറ്റ്
തിരുവനന്തപുരം, തി: 08.06.2015

പകർപ്പ് എറണാകുളം ജില്ലാകളക്ടർക്ക് അയക്കുന്നു - ഇത് സംബന്ധിച്ച് റിപ്പോർട്ട് ഇന്ന് വൈകിട്ട് 3.00 മണിക്കകം അടിയന്തരമായി സമർപ്പിക്കേണ്ടതാണ്.

[signature]
കമ്മീഷണർക്കുവേണ്ടി.

08.06.15

ആർ.ആർ (ജെ7) - 23376/2015

ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയം,
പബ്ലിക് ഓഫീസ് ബിൽഡിംഗ്, തിരുവനന്തപുരം,
തീയതി. 09/06/2015

കമ്മീഷണർ,
ലാന്റ് റവന്യൂ,

പ്രിൻസിപ്പൽ സെക്രട്ടറി,
റവന്യൂ വകുപ്പ്,
ഗവൺമെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം.

സർ,

വിഷയം: മൂവാറ്റുപുഴ താലൂക്ക്, മാറാടി വില്ലേജ്, സർവ്വേ 285/10-ത്തിൽപ്പെട്ട സ്ഥലം റോഡ് വികസനത്തിന് വിട്ടു നൽകുന്നത് - സംബന്ധിച്ച്.

സൂചന: ജില്ലാ കളക്ടർ എറണാകുളത്തിന്റെ 08/06/2015ലെ എൽ.2-38642/2015.

---

സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിച്ചു കൊള്ളുന്നു. സൂചന പ്രകാരം ആവശ്യപ്പെട്ട റിപ്പോർട്ട് ചുവടെ ചേർത്ത് കൊള്ളുന്നു.

കൊച്ചി-ധനുഷ്കോടി സ്റ്റേറ്റ് ഹൈവേയുടെ വികസനത്തിന്റെ ഭാഗമായി മൂവാറ്റുപുഴ താലൂക്ക്, മാറാടി വില്ലേജ്, സർവ്വെ നമ്പർ 285/5-ൽ ഉൾപ്പെട്ടു വരുന്ന റോഡിന്റെ ഭാഗത്തെ കൊടുംവളവ് നിവർത്തുന്നതിനായി ടി വില്ലേജ് സർവ്വെ 285/10-ൽപ്പെടുന്ന 11 സെന്റ് സ്ഥലം സ്ഥലമുടമയായ ടി വില്ലേജ് മേപ്പിള്ളിൽ വീട്ടിൽ ഇസഹാക്ക് മകൻ അവിര സൗജന്യമായി വിട്ടു നൽകാൻ തയ്യാറാണെന്നും അതിനുപകരമായി ടിയാന്റെ സ്ഥലത്തോട് ചേർന്നുള്ളതും റോഡ് വളവു നിവർത്തുമ്പോൾ PWDയ്ക്ക് ആവശ്യമില്ലാതെ വരുന്നതുമായ സ്ഥലത്തിൽപ്പെട്ട 6.573 സെന്റ് സ്ഥലം ടിയാൻ പൂർണ്ണക്രയവിക്രയ സ്വാതന്ത്ര്യത്തോടെ നൽകണമെന്നും കാണിച്ച് ടിയാൻ PWD ചീഫ് എൻജീനിയർ മുമ്പാകെ സമ്മത പത്രം നൽകിയിട്ടുള്ളതും ആയത് മൂവാറ്റുപുഴ റോഡു വിഭാഗം എക്സിക്യൂട്ടീവ് എൻജീനിയർ ശുപാർശ

...ട്ടുള്ളതായി അറിയുന്നതായും മൂവാറ്റുപുഴ തഹസീൽദാർ റിപ്പോർട്ടു ചെയ്തിട്ടുള്ളതാണ്. ടി ... സംബന്ധിച്ച് ബഹു. റവന്യൂ വകുപ്പ് മന്ത്രി 09/06/2015-ൽ ഒരു യോഗം വിളിച്ചിട്ടുള്ളതാണ്. ടി ... തീരുമാനത്തിൽ ജില്ലാ കളക്ടറുടെ കത്തിൽ പ്രതിപാദിക്കുന്ന വിഷയങ്ങൾ അംഗീകരിക്കാൻ ...മാനം ആയിട്ടുള്ളതാണ്. ഈ വിഷയം സംബന്ധിച്ച് സർക്കാർ തലത്തിൽ മേൽ ഉത്തരവുകൾക്കു ... സ്ഥലത്തിന്റെ സ്കെച്ച്, ജില്ലാ കളക്ടറുടെ കത്തിന്റെ പകർപ്പ്, മൂവാറ്റുപുഴ അഡീഷണൽ ...ൽദാർ കത്തിന്റെ പകർപ്പ് എന്നിവ സമർപ്പിച്ചു കൊള്ളുന്നു.

വിശ്വസ്തതയോടെ,

കമ്മീഷണർ

ESPATCHED
15 JUN 2015
...E OF THE COMMISSIONER OF LAND REVENUE
...

കേരള സർക്കാർ

നം.19912/എ 3/2015/റവ.

റവന്യൂ (എ) വകുപ്പ്,
തിരുവനന്തപുരം,
തീയതി, 02.07.2015

പ്രേഷകൻ,

**പ്രിൻസിപ്പൽ സെക്രട്ടറി**

സ്വീകർത്താവ്,

**കമ്മീഷണർ, ലാൻഡ് റവന്യൂ,**
**തിരുവനന്തപുരം.**

സർ,

വിഷയം : റവന്യൂ വകുപ്പ് - റോഡ് നിർമ്മാണത്തിന് സ്വകാര്യ ഭൂമി സൗജന്യമായി നൽകുമ്പോൾ പകരം പുറമ്പോക്ക് നൽകണമെന്ന ആവശ്യം - സംബന്ധിച്ച്.

സൂചന : താങ്കളുടെ 9/6/15ലെ എൽ. ആർ. ജെ 7/23376/15 നമ്പർ കത്ത്.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു.ബി.റ്റി.ആർ ന്റെ പകർപ്പ് ലഭ്യമാക്കുവാനും ഭൂമിയുടെ കമ്പോളവില അറിയിക്കുവാനും താല്പര്യപ്പെടുന്നു.

വിശ്വസ്തതയോടെ,
സ്റ്റെല്ല ലിറ്റിൽ ഫ്ലവർ എം.കെ
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിക്ക് വേണ്ടി

അംഗീകാരത്തോടെ,

C.K.V. Kunny

സെക്ഷൻ ഓഫീസർ

എൽ. ആർ. ജെ 7. 23376/15

ലാന്റ് റവന്യൂ കമ്മീഷണറുടെ
കാര്യാലയം
Tvm. Fax: 2328441

എറണാകുളം ജില്ലാകലക്ടർക്ക് അയക്കുന്നു. സർക്കാർ ആവശ്യപ്പെട്ട രേഖകളും, കമ്പോളവിലയും അടിയന്തിരമായി സമർപ്പിക്കേണ്ടതാണ്.

ATTN.: LR J7

നം. 2-38642/2015

ഫാക്സ് അടിയന്തരം

കളക്ടറേറ്റ് എറണാകുളം
തീയതി: 08/6/2015

പ്രേഷകൻ

ജില്ലാ കളക്ടർ
എറണാകുളം

23970

RECEIVED 10 JUN 2015 THIRUVANANTHAPURAM

സ്വീകർത്താവ്

കമ്മീഷണർ
ലാന്റ് റവന്യൂ
തിരുവനന്തപുരം

സർ,

വിഷയം:- മൂവാറ്റുപുഴ താലൂക്ക് ,മാറാടി വില്ലേജ്, സർവ്വെ 285/10-ൽപ്പെട്ട സ്ഥലം റോഡ് വികസനത്തിന് വിട്ടുനല്കുന്നത്- സംബന്ധിച്ച്

സൂചന:- അങ്ങയുടെ 08-06-2015-ലെ എൽആർ ജെ7-23376/15 നമ്പർ ഫാക്സ് സന്ദേശം

---

സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിച്ചുകൊള്ളുന്നു. സൂചന പ്രകാരം ആവശ്യപ്പെട്ട റിപ്പോർട്ട് ചുവടെ ചേർത്തുകൊള്ളുന്നു.

കൊച്ചി-ധനുഷ്കോടി സ്റ്റേറ്റ് ഹൈവേയുടെ വികസനത്തിന്റെ ഭാഗമായി മൂവാറ്റുപുഴ താലൂക്ക്, മാറാടി വില്ലേജ്, സർവ്വെ നമ്പർ 285/5-ൽ ഉൾപ്പെട്ടുവരുന്ന റോഡിന്റെ ഭാഗത്തെ കൊടുംവളവ് നിവർത്തുന്നതിനായി ടി വില്ലേജ് സർവ്വെ 285/10-ൽപ്പെടുന്ന 11 സെന്റ് സ്ഥലം സ്ഥലമുടമയായ ടി വില്ലേജ് മേപ്പിള്ളിൽ വീട്ടിൽ ഇസഹാക്ക് മകൻ അവിര സൗജന്യമായി. വിട്ടുനൽകാൻ തയ്യാറാണെന്നും അതിനുപകരമായി ടിയാന്റെ സ്ഥലത്തോട് ചേർന്നുള്ളതും റോഡ് വളവു നിവർത്തുമ്പോൾ PWD യ്ക്ക് ആവശ്യമില്ലാതെ വരുന്നതുമായ സ്ഥലത്തിൽപ്പെട്ട 6.573 സെന്റ് സ്ഥലം ടിയാന് പൂർണ്ണ ക്രയവിക്രയ സ്വാതന്ത്ര്യത്തോടെ നൽകണമെന്നും കാണിച്ച് ടിയാൻ PWD ചീഫ് എൻജിനീയർ മുമ്പാകെ സമ്മത പത്രം നൽകിയിട്ടുള്ളതും ആയത് മൂവാറ്റുപുഴ റോഡു വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയർ ശുപാർശ ചെയ്തിട്ടുള്ളതായി അറിയുന്നതായും മൂവാറ്റുപുഴ തഹസിൽദാർ റിപ്പോർട്ടു ചെയ്തിട്ടുള്ളതാണ്. ടി വിഷയം സംബന്ധിച്ച് ബഹു. റവന്യൂ വകുപ്പ് മന്ത്രി 09-06-2015-ൽ ഒരു യോഗം വിളിച്ചിട്ടുള്ളതാണ് എന്ന വിവരം റിപ്പോർട്ടുചെയ്തുകൊള്ളുന്നു.

വിശ്വസ്തതയോടെ

(ഒപ്പ്)

ജില്ലാകളക്ടർക്കുവേണ്ടി

ഭരണഭാഷ– മാതൃഭാഷ

എൽ 7 – 50225/15

കളക്ടറേറ്റ്, എറണാകുളം
തീയതി : 20/07/15

പ്രേഷകൻ
ജില്ലാ കളക്ടർ
എറണാകുളം

സ്വീകർത്താവ്
കമ്മീഷണർ
ലാന്റ് റവന്യൂ
തിരുവനന്തപുരം

31168

OFFICE OF THE COMMISSIONER OF LAND REVENUE
RECEIVED
23 JUL 2015
THIRUVANANTHAPURAM

J7

സർ ,

വിഷയം :– ഭൂമി വിട്ടു – നൽകുന്നത് റോഡ് നിർമ്മാണത്തിന് സ്വകാര്യ ഭൂമി സൗജന്യമായി നൽകുമ്പോൾ പകരം പുറമ്പോക്ക് ഭൂമി ലഭ്യമാക്കുന്നത് – സംബന്ധിച്ച്

സൂചന :– അങ്ങയുടെ കാര്യാലയത്തിലെ LRJ 7–23376/15–10 നമ്പർ കത്ത്.

സൂചനയിലേക്ക് അങ്ങയുടെ ശ്രദ്ധ സാദരം ക്ഷണിച്ചുകൊള്ളുന്നു. കൊച്ചി ധനുഷ് കോടി സ്റ്റേറ്റ് ഹൈവേയിൽ എത്തിച്ചേരുന്ന ഈസ്റ്റ് മാറാടി പെരുവംമുഴി റോഡ് വികസനത്തിന്റെ ഭാഗമായി മാറാടി വില്ലേജ് സർവ്വെ 285/5, 285/10 എന്നിവയിൽ ഉൾപ്പെട്ട സ്ഥലങ്ങൾ സംബന്ധിച്ച് കമ്പോള വില റിപ്പോർട്ടും, ബി ടി ആർ ന്റെ പകർപ്പുകളും ആർ ഡി ഒ മൂവാറ്റുപുഴ ലഭ്യമാക്കിയിട്ടുണ്ട്. റവന്യൂ ഡിവിഷൺ ഓഫീസർ സമർപ്പിച്ച റിപ്പോർട്ട് പരിഗണിക്കാവുന്നതായി കാണുന്നു. ഭൂമിയുടെ കമ്പോള വില റിപ്പോർട്ടും. ബി ടി ആർ പകർപ്പുകളും തുടർ നടപടികൾക്കായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ ,

Rohith M

ജില്ലാ കളക്ടർക്കു വേണ്ടി

ടി7–20/7/15

LR-JT-23316/2015 -23-

പ്രിൻസിപ്പൽ സെക്രട്ടറി
റവന്യൂ വകുപ്പ്

സർ

വിഷയം :- മൂവാറ്റുപുഴ താലൂക്ക് – മാറാടി വില്ലേജ് സർവ്വേ 285/10 ൽ പെട്ട സ്ഥലം റോഡ് വികസനത്തിന് വിട്ടുനൽകുന്നത് – സംബന്ധിച്ച്

സൂചന :- (1) അങ്ങയുടെ 2-7-2015 ലെ 19912/ജെ3/2015/റവ നമ്പർ കത്ത്.
(2) എറണാകുളം ജില്ലാകളക്ടറുടെ 20/7/15 ലെ LJ-50222/15 നമ്പർ റിപ്പോർട്ട്.

മേൽസൂചനകളിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. മേൽ വിഷയം സംബന്ധിച്ച് അങ്ങേക്ക് വിശദമായ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. കൊച്ചി ധനുഷ്കോടി നാഷണൽ ഹൈവേയിൽ ഉൾപ്പെടുന്ന ഈസ്റ്റ് മാറാടി പെരുവം മൂഴി റോഡ് വികസനത്തിന്റെ ഭാഗമായി മാറാടി വില്ലേജ് സർവ്വേ 285/5, 285/10 എന്നിവയിൽ ഉൾപ്പെട്ട സ്ഥലങ്ങൾ സംബന്ധിച്ച് [illegible] റിപ്പോർട്ടും, ബി.ടി.ആർ ന്റെ പകർപ്പുകളും തുടർനടപടികൾക്കായി ഇതോടൊപ്പം സമർപ്പിക്കുന്നു.

DESPATCHED
11 AUG 2015
OFFICE OF THE COMMISSIONER
LAND REVENUE
THIRUVANANTHAPURAM

വിശ്വസ്തതയോടെ

[signature] 3/8/15

കമ്മീഷണർക്കുവേണ്ടി

O/C
[signature]
3/8/15

0872 **കേരള സർക്കാർ**

**സംഗ്രഹം**

എറണാകുളം ജില്ല, മൂവാറ്റുപുഴ താലൂക്ക്, മാറാടി വില്ലേജിലെ PWD റോഡായ ഈസ്റ്റ് മാറാടി- കായനാട്-ഊരമന റോഡ് വീതികൂട്ടുന്നതിന്റെ ഭാഗമായി ഒരു വളവ് നിവർത്തുന്നതിനായി ശ്രീ.എം.എ.ജോസ് വിട്ടു നൽകുന്ന പ്രസ്തുത വില്ലേജിലെ സർവ്വെ നം.285/10-ൽപ്പെട്ട 4.45 ആർ ഭൂമിക്ക് പകരമായി അതേ വില്ലേജിൽപ്പെട്ട സർവ്വെ നമ്പർ 285/5-ൽപ്പെട്ട 2.66 ആർ PWD റോഡ് പകരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (എ) വകുപ്പ്

സ.ഉ.(കൈ)നം.11/2016/റവ. തിരുവനന്തപുരം, തീയതി, 05.01.2016.

---

പരാമർശം:- 1) ലാൻഡ് റവന്യൂ കമ്മീഷണറുടെ 18.05.2015-ലെ LRK2-17411/15-ാം നമ്പർ കത്തും, 09.06.2015, 03.08.2015 തീയതികളിലെ LRJ7/23376/15-ാം നമ്പർ കത്തുകളും

2) മൂവാറ്റുപുഴ അഡീഷണൽ തഹസിൽദാരുടെ 05.06.2015, 15.07.2015 തീയതികളിലെ സി7-7834/15 നമ്പർ കത്തുകൾ.

**ഉത്തരവ്**

മൂവാറ്റുപുഴ PWD റോഡായ ഈസ്റ്റ് മാറാടി- കായനാട്-ഊരമന റോഡ് വീതി കൂട്ടുന്നതിന്റെ ഭാഗമായി ഒരു വളവ് നിവർത്തുന്നതിന് വേണ്ടി ശ്രീ.എം.എ.ജോസ് വിട്ടു നൽകുന്ന $485.63M^2$ ഭൂമിക്ക് (4.45 ആർ അതായത് 11 സെന്റ്) പകരമായി $266M^2$ PWD റോഡ് (2.66 ആർ അതായത് 6.573 സെന്റ്) ടിയാന് വിട്ടു നൽകണമെന്ന് കാണിച്ച് ടിയാൻ PWD ചീഫ് എഞ്ചിനീയർ മുമ്പാകെ സമ്മതപത്രം നൽകിയിട്ടുള്ളതും ആയത് മൂവാറ്റുപുഴ റോഡ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ ശുപാർശ ചെയ്തിട്ടുള്ളതുമാണെന്ന് പരാമർശം 2 പ്രകാരം മൂവാറ്റുപുഴ അഡീഷണൽ തഹസിൽദാർ റിപ്പോർട്ട് ചെയ്യുന്നു.

2) പൊതുതാത്പര്യം മുൻനിർത്തി സ്വകാര്യ ഭൂമി നിരുപാധികം സർക്കാരിലേക്ക് വിട്ടൊഴിയുന്നതിന് നിയമതടസ്സമില്ല. എന്നാൽ കേരള ഭൂമി വിട്ടൊഴിയൽ നിയമം 1958 വകുപ്പ് 3 പ്രകാരം സോപാധികമായ ഭൂമി വിട്ടൊഴിയൽ, നിയമം അനുവദിക്കുന്നില്ല. പൊതുതാത്പര്യമുള്ള വിഷയമാകയാൽ ഭൂമി പൊന്നുംവിലയ്ക്കെടുക്കാവുന്നതാണ് എന്നും ലാൻഡ് റവന്യൂ കമ്മീഷണർ അറിയിക്കുന്നു.

3) മൂവാറ്റുപുഴ അഡീഷണൽ തഹസിൽദാരുടെ റിപ്പോർട്ടനുസരിച്ച് സർവ്വെ 285/5 ൽപ്പെട്ട റോഡായി സ്ഥിതി ചെയ്യുന്ന സ്ഥലവും ടി 285/10 ൽപ്പെട്ട 11 സെന്റ് സ്ഥലവും അടുത്തടുത്ത് സ്ഥിതി ചെയ്യുന്നതും ഒരേ പ്രാധാന്യത്തോടെയുള്ള സ്ഥലങ്ങളാണ്. ടി 285/10 ൽപ്പെട്ട സ്ഥലം ബി.ടി.ആർ പ്രകാരം നിലം എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും വർഷങ്ങളായി പുരയിടാവസ്ഥയിൽ വൃക്ഷങ്ങൾ നട്ടുവളർത്തി പോന്നിരുന്നതും യാതൊരു കാരണവശാലും നെൽകൃഷിയ്ക്ക് ഉപയുക്തമല്ലാത്തതും, 2008-ലെ നെൽവയൽ തണ്ണീർത്തട

സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരാത്തതും കെ.എൽ.യു ഓർഡർ 6(2) വകുപ്പ് പ്രകാരം ഇളവ് നൽകി കാർഷികേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ അനുമതി നൽകുന്നതിന് അർഹതയുള്ളതുമാണ്. സർവ്വെ നം.285/5 ൽപ്പെട്ട 2.66 ആർ സ്ഥലത്തിനും (6.573 സെന്റ്), സർവ്വെ നം.285/10 ൽപ്പെട്ട 4.45 ആർ സ്ഥലത്തിനും (11 സെന്റ്) ആർ ഒന്നിന് 2,47,000/- രൂപ നിരക്കിൽ യഥാക്രമം 6,57,020/- (ആറ് ലക്ഷത്തി അൻപത്തിയേഴായിരത്തി ഇരുപത്) രൂപയും 10,99,150/- (പത്ത് ലക്ഷത്തി തൊണ്ണൂറ്റിയൊൻപതിനായിരത്തി നൂറ്റി അൻപത്) രൂപയും വില നിശ്ചയിക്കാമെന്ന് മൂവാറ്റുപുഴ അഡീഷണൽ തഹസിൽദാർ അറിയിക്കുന്നു.

4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. നിലവിൽ ചട്ടങ്ങളില്ല എങ്കിലും, 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം വിനിയോഗിച്ച്, എറണാകുളം ജില്ല, മൂവാറ്റുപുഴ താലൂക്ക്, മാറാടി വില്ലേജിലെ PWD റോഡായ ഈസ്റ്റ് മാറാടി-കായനാട്-ഊരമന റോഡ് വീതികൂട്ടുന്നതിന്റെ ഭാഗമായി ഒരു വളവ് നിവർത്തുന്നതിനായി ശ്രീ.എം.എ.ജോസ് വിട്ടു നൽകുന്ന പ്രസ്തുത വില്ലേജിലെ സർവ്വെ നം.285/10-ൽപ്പെട്ട 4.45 ആർ (11 സെന്റ് അതായത് 485.63M²) ഭൂമിക്ക് പകരമായി അതേ വില്ലേജിൽപ്പെട്ട സർവ്വെ നമ്പർ 285/5-ൽപ്പെട്ട 2.66 ആർ (6.573 സെന്റ് അതായത് 266M²) PWD റോഡ് പകരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5) എറണാകുളം ജില്ലാ കളക്ടർ ഇക്കാര്യത്തിൽ നിയമാനുസൃതമായ അനന്തര മേൽനടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**ഡോ.വിശ്വാസ് മേത്ത**

**പ്രിൻസിപ്പൽ സെക്രട്ടറി**

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, എറണാകുളം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
ശ്രീ.എം.എ.ജോസ് (ജില്ലാ കളക്ടർ മുഖാന്തിരം)
പൊതുഭരണ (എസ്.സി) വകുപ്പ്.
ധനകാര്യ വകുപ്പ്. (നം.76176(ഇ 132103)/വ്യയം എ 2/15/ധന. തീയതി 12.11.15)
പൊതുമരാമത്ത് വകുപ്പ് (നം.5191/ജി2/15/പൊ.മ.വ)
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

C. K. V. Kumar

സെക്ഷൻ ഓഫീസർ

3952 **കേരള സർക്കാർ**

സംഗ്രഹം

എറണാകുളം ജില്ല, മൂവാറ്റുപുഴ താലൂക്ക്, മാറാടി വില്ലേജിലെ PWD റോഡായ ഈസ്റ്റ് മാറാടി-കായനാട്-ഊരമന റോഡ് വീതികൂട്ടുന്നതിന്റെ ഭാഗമായി ഒരു വളവ് നിവർത്തുന്നതിനായി വിട്ടു നൽകുന്ന പ്രസ്തുത വില്ലേജിലെ സർവ്വെ നം.285/10-ൽപ്പെട്ട 4.45 ആർ ഭൂമിക്ക് പകരമായി അതേ വില്ലേജിൽപ്പെട്ട സർവ്വെ നമ്പർ 285/5-ൽപ്പെട്ട 2.66 ആർ PWD റോഡ് പകരം നൽകിയത് - 05.01.2016-ലെ സ.ഉ.(കൈ)നം.11/2016/റവ. - തിരുത്തൽ വരുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

===

റവന്യൂ(എ) വകുപ്പ്

സ.ഉ.(എം.എസ്)നം.166/2016/റവ തീയതി, തിരുവനന്തപുരം, 26.02.2016.

===

പരാമർശം : സ.ഉ.(കൈ)നം.11/2016/റവ തീയതി 05.01.2016.

ഉത്തരവ്

പരാമർശം ഉത്തരവിലെ സംഗ്രഹത്തിലും 1-ാം ഖണ്ഡികയിലും, 4-ാം ഖണ്ഡികയിലും സ്ഥലം ഉടമയുടെ പേര് *"ശ്രീ.എം.എ.ജോസ്"* എന്ന് തെറ്റായി രേഖപ്പെടുത്തിയിരുന്നു. ആയതിനാൽ *"ശ്രീ.എം.എ.ജോസ്"* എന്നതിന് പകരം യഥാർഥ സ്ഥലം ഉടമയുടെ പേരായ *"മേപ്പിള്ളി വീട്ടിൽ ഇസഹാക്ക് മകൻ ശ്രീ.അവിര"* എന്ന് തിരുത്തൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

2) പരാമർശം ഉത്തരവിലെ മറ്റ് കാര്യങ്ങളെല്ലാം അതേപടി നിലനിൽക്കുന്നതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**ഡോ.വിശ്വാസ് മേത്ത**
**പ്രിൻസിപ്പൽ സെക്രട്ടറി**

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, എറണാകുളം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
ശ്രീ.അവിര. (ജില്ലാ കളക്ടർ മുഖാന്തിരം)
ശ്രീ.എം.എ.ജോസ് (ജില്ലാ കളക്ടർ മുഖാന്തിരം)
പൊതുഭരണ (എസ്.സി) വകുപ്പ്.
ധനകാര്യ വകുപ്പ്. (നം.76176(ഇ 132103)/വ്യയം എ 2/15/ധന. തീയതി 12.11.15)
പൊതുമരാമത്ത് വകുപ്പ് (നം.5191/ജി2/15/പൊ.മ.വ)
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

e.k.v.kunny

**സെക്ഷൻ ഓഫീസർ**

സെക്ഷൻ ഓഫീസർ